ലുണ്ടായിരുന്ന മതഗ്രന്ഥങ്ങൾ എല്ലാം അപ്രസക്തങ്ങളായിക്കഴിഞ്ഞുവെന്നുമുള്ള വിശ്വാസമാവണമല്ലോ ആ മുദ്രാവാക്യത്തിനടിയിലുള്ളത്. ഇസ്ലാം അല്ലാത്ത മററു മതങ്ങളിൽ വിശ്വാസം പുലർത്തുന്നവർ ഈ മുദ്രാവാക്യത്തോടു പ്രതികരിക്കുന്നത് എങ്ങനെയായിരിക്കും? ആത്യന്തികസത്യം തങ്ങളുടെ മതഗ്രന്ഥങ്ങളിൽ മാത്രമാണുള്ളതെന്നും തങ്ങളുടെ മതങ്ങളിൽ വിശ്വസിക്കുന്നതുവഴിമാത്രമേ മനുഷ്യർക്കു മോചനമുണ്ടാവൂ എന്നും വിശ്വസിക്കുന്നവർ മററു മതക്കാർക്കിടയിലും ഉണ്ടാവാമല്ലോ. അവരെ പ്രകോപിപ്പിക്കാമെന്നല്ലാതെ, ഈ മുദ്രാവാക്യം പ്രചരിപ്പിക്കുന്നവർ നേടാനുദ്ദേശിക്കുന്ന നിർമ്മാണപരമായ ലക്ഷ്യം എന്തെന്നു മനസ്സിലാക്കുക പ്രയാസംതന്നെ.

ഹിന്ദുവോട്ടുബാങ്കുകൾ പടുത്തുയർത്തണമെന്ന ഉഡുപ്പി ധർമ്മാചാര്യസമ്മേളനത്തിൻെറ ആഹ്വാനത്തെ എതിർത്ത അതേ യുക്തികൊണ്ടുതന്നെ ഇന്ത്യയിലെ സിവിൽ–ക്രിമിനൽ നിയമങ്ങൾക്കും അവ നടപ്പിൽ വരുത്തുന്ന കോടതികൾക്കും പകരം വിശുദ്ധഖുറാനേയും ആ ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം തങ്ങൾക്കുമാത്രമാണെന്ന് അവകാശപ്പെടുന്ന മതപുരോഹിതരെയും പ്രതിഷ്ഠിക്കുന്നതിനുള്ള ഇമാം ബുഖാരിയുടെ ആഹ്വാനത്തെയും ഞങ്ങൾ എതിർക്കുന്നു.

മതനിരപേക്ഷതയെന്ന ആധാരശിലയിൽനിന്ന് ഇന്ത്യൻജനാധിപത്യത്തെ വ്യതിചലിപ്പിക്കുന്നത് ഹിന്ദുക്കൾക്കെന്നപോലെ ഇന്ത്യയിലെ മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും മററു മതവിഭാഗങ്ങൾക്കും നിർമതർക്കും എല്ലാം ഒരുപോലെ ആപത്ക്കരമായിരിക്കും. മതമേതായാലും, ഇന്ത്യയിലെ ബഹുജനങ്ങൾ ഭരണഘടനയെ ആദരിച്ചും നിയമങ്ങൾ അനുസരിച്ചും പരസ്പരം സഹകരിച്ചും ജീവിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. ഒരു ബഹു–മതരാഷ്ട്രമായ ഇന്ത്യ, ഭരണതലത്തിൽ മതനിരപേക്ഷതയെ ഒരു കാരണവശാലും കൈവിട്ടുകൂടാ. ഇക്കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല.

23 ജനുവരി, 1986

## 56. അടിച്ചുതമ്മിലന്തപ്പെട്ടും തനയർ

ആയിരങ്ങൾക്കു ക്രൂരമായ മരണവും, ലക്ഷങ്ങൾക്കു ക്രൂരതരമായ സർവസ്വനാശവും പിറന്ന മണ്ണിൽനിന്ന് എന്നന്നേക്കുമായി നിഷ്കാസനവും വരുത്തിവെച്ച ഇന്ത്യാ–പാകിസ്ഥാൻ വിഭജനത്തിൻെറ ദുഃഖസ്മൃതികൾ ഒരു പേടിസ്വപ്നംപോലെ നമ്മളിൽ പലരുടേയും ബോധമണ്ഡലത്തെ ഇന്നും പീഡിപ്പിച്ചുവരുന്നുണ്ടല്ലോ. അന്നത്തെ വിഭജനം സൃഷ്ടിച്ചതിനേക്കാൾ എത്രയോ ഏറെ ദുരന്തങ്ങൾ വരുത്തിവെച്ചുകൊണ്ട്, പല രാഷ്ട്രീയ ഏകകങ്ങളായി ഇന്ത്യ ഇനിയും ചിതറിപ്പോയിക്കൂടായ്കയില്ലെന്നു കാണിക്കുന്നവയാണ് അടുത്തകാലത്തു് ഇവിടെ ഉണ്ടായ ചില സംഭവവികാസങ്ങൾ.

ആദ്യമായി പഞ്ചാബിലേക്കുതന്നെ നോക്കുക. ബർണാലയുടെ നേതൃത്വത്തിൽ അവിടെ അധികാരത്തിൽ വന്ന അകാലി ഗവണ്മെൻറിന് സിഖ് ഉഗ്രവാദത്തിൻെറ മൂർച്ച കുറയ്ക്കുവാൻ സാധിച്ചിട്ടില്ല. നേരെമറിച്ച്, വളരെയേറെ പ്രതീക്ഷകളുണർത്തിയ രാജീവ്–ലോംഗോവാൽ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ ഒരിക്കലും നടപ്പിൽ വന്നേക്കുകയില്ലെന്ന ആശങ്ക കൂടുതൽ ശക്തി പ്രാപിച്ചുവരുകയുമാണ്. ചണ്ഡിഗഢ് ഇനിയും പഞ്ചാബിനു നൽകപ്പെട്ടിട്ടില്ല. ഹിന്ദി സംസാരിക്കുന്നവർക്കു ഭൂരി

പക്ഷമുള്ള അബോഹർ—ഫാസിൽക്കപ്രദേശങ്ങൾ ഹരിയാനാ സംസ്ഥാനത്തിൽ ചേർന്നിട്ടുമില്ല. ഹരിയാനയിൽ ചേരേണ്ട പഞ്ചാബിലെ ഹിന്ദിപ്രദേശങ്ങൾ ഏതെല്ലാമെന്നു നിർണയിക്കാൻ കമ്മീഷനായി നിയമിക്കപ്പെട്ട ജസ്റ്റീസ് മാത്യു, നിർഭാഗ്യവശാൽ, ഒരു പഴയ വക്കീലിൻെറ തലനാരിഴ കീറുന്ന നിയമബോധമല്ലാതെ, ഉദ്ബുദ്ധനായ ഒരു പൗരൻെറ രാഷ്ട്രബോധം പ്രകടിപ്പിക്കുകയുണ്ടായില്ല.

ചണ്ഡീഗഢ് പഞ്ചാബിനും, അബോഹർ—ഫാസിൽക്ക പ്രദേശങ്ങൾ ഹരിയാനയ്ക്കും 1986 ജനുവരി 26-ാം തീയതി കൈമാറേണ്ടതായിരുന്നു. അതുണ്ടായില്ല. പകരം അന്നേദിവസം ഉഗ്രവാദികൾ വീണ്ടും സുവർണക്ഷേത്രം കൈക്കലാക്കുകയും, അവിടെ ഖാലിസ്ഥാൻ പതാക ഉയർത്തുകയും, അകാലികളെ അവിടെനിന്നു പുറത്താക്കുകയുംചെയ്തു. പിന്നീട് സിഖുകാരുടെ ഒരു മഹാസമ്മേളനം (സർബത്ഖാൽസാ) ആനന്ദ്പൂർ സാഹിബിൽ അകാലികൾ വിളിച്ചുകൂട്ടിയെങ്കിലും, ആ സമ്മേളനത്തിലെ തീരുമാനമനുസരിച്ച് ആയുധമേന്തിയ ഉഗ്രവാദികളെ സുവർണക്ഷേത്രത്തിൽനിന്നു പുറത്താക്കാൻ അകാലികൾക്കോ, അവർ നേതൃത്വം നൽകുന്ന പഞ്ചാബ് ഗവണ്മെൻറിനോ ഇനിയും സാധിച്ചിട്ടില്ല. ഏതെങ്കിലുമൊരുകാലത്ത് ഖാലിസ്ഥാൻ ഒരു യാഥാർത്ഥ്യമായിത്തീരുകയാണെങ്കിൽ (അങ്ങനെ വരാതിരിക്കട്ടെ!) ആ സിഖ്മത-രാഷ്ട്രത്തിൻെറ സ്ഥാപനദിനമായി കണക്കാക്കപ്പെടുന്നത് 1986 ജനുവരി 26 ആയിക്കൂടായ്കയില്ല. ഇന്ത്യയെന്ന രാഷ്ട്രത്തിൻെറ പൊതുഹിതം മുൻനിർത്തി, വിട്ടുവീഴ്ചാമനോഭാവത്തോടെ, പരസ്പരം പ്രശ്നങ്ങൾ ചർച്ചചെയ്യാൻ പഞ്ചാബിലെയും ഹരിയാനയിലെയും മുഖ്യമന്ത്രിമാർ ഇനിയും സന്നദ്ധരല്ല. അവർ അതിനു തയ്യാറാകാത്ത സ്ഥിതിക്ക്, വരുംവരായ്കകൾ കണക്കിലെടുത്തുകൊണ്ട്, രാജീവ്—ലോംഗോവാൽ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ അസന്ദിഗ്ദ്ധമായും പാര്യന്തികമായും നടപ്പിൽ വരുത്തി, ഖാലിസ്ഥാൻവാദത്തെ എന്നെന്നേക്കുമായി കഴിച്ചുമൂടുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ വേണ്ട ധൈര്യം കേന്ദ്രസർക്കാരിനും ഉണ്ടായിട്ടില്ല. ഫലം: പഞ്ചാബിൽ കലാപങ്ങൾ തുടരുന്നു; ഹിന്ദുക്കളും സിഖുകാരും കൂടുതൽക്കൂടുതൽ അകന്നുപോകുന്നു; ഒരു സങ്കൽപ്പമെന്ന നിലവിട്ട് ഖാലിസ്ഥാൻ എന്ന സിഖ് മതാധിഷ്ഠിതരാഷ്ട്രം ഒരു യാഥാർത്ഥ്യമാകുകയെന്ന ഭീഷണി കൂടുതൽ സ്പഷ്ടമായി മുഴങ്ങിക്കൊണ്ടുമിരിക്കുന്നു.

യഥാർത്ഥങ്ങളോ സാങ്കല്പികങ്ങളോ ആയ പ്രശ്നങ്ങൾ കുത്തിപ്പൊക്കി ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള അഭിപ്രായഭേദങ്ങൾക്കു മൂർച്ച കൂട്ടുന്നതിന് ഈ രണ്ടു മതങ്ങളിലുംപെട്ട പ്രതിലോമവാദികൾ ഈ അവസരം ഉപയോഗിച്ചില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ. നിർഭാഗ്യവശാൽ, ഇന്ത്യയിലെ മുസ്ലീം യാഥാസ്ഥിതികരെ അടുത്തകാലത്തു തുടരെത്തുടരെയുണ്ടായ ഏതാനും സംഭവങ്ങൾ കണക്കറ്റു പ്രകോപിപ്പിച്ചിരിക്കുകയാണ്. അസം ഗണതന്ത്രപരിഷത്തുമായി കേന്ദ്രഗവണ്മെൻറുണ്ടാക്കിയ കരാറിൻെറ ഫലമായി ബംഗ്ളാദേശിൽനിന്ന് അനധികൃതമായി അസമിൽ കടിയേറിപ്പാർത്ത ഒട്ടേറെ മുസ്ലീങ്ങൾക്കു വോട്ടവകാശം നഷ്ടപ്പെട്ടു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിലൂടെ അസമിൽ അധികാരത്തിൽ വന്ന ഗവണ്മെൻറ് ഈ കുടിയേററക്കാരുടെ നില കൂടുതൽ കുഴപ്പത്തിലാക്കിയേക്കാമെന്ന ആശങ്ക വ്യാപകമായിട്ടുമുണ്ട്.

വിവാഹമോചിതയായ ഷാബാനു എന്ന സ്ത്രീയ്ക്കു ക്രിമിനൽ നടപടിനിയമത്തിലെ 125-ാം വകുപ്പനുസരിച്ചു മുൻഭർത്താവു ചെലവിനു നൽകണമെന്ന സുപ്രീംകോടതി വിധിയാണ് ഇന്ത്യൻ മുസ്ലീം—യാഥാസ്ഥിതികരെ പ്രക്ഷോഭത്തിൻെറ മാർഗത്തിലേക്ക് ഇറക്കിവിട്ട

മറ്റൊരു സമീപകാലസംഭവം. നിരാശ്രയയായ ഒരു വൃദ്ധസ്ത്രീക്കു സംരക്ഷണം നൽകാനേ കോടതി ഉദ്ദേശിച്ചിരിക്കുകയുള്ളു; പക്ഷേ, ഖുർ—ആനിലെ നിർദേശങ്ങൾ അനുസരിച്ചു തങ്ങളുടെ കുടുംബ—ആചാരങ്ങൾ രൂപവത്കരിക്കുന്നതിനുള്ള മുസ്ലീങ്ങളുടെ അടിസ്ഥാനപരമായ അധികാരം ധ്വംസിക്കപ്പെടുന്നു എന്ന ധാരണ മുസ്ലീം ബഹുജനങ്ങൾക്കിടയിൽ പരത്തുവാൻ പ്രക്ഷോഭകർക്കു കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്ഷോഭത്തിന്റെ തീവ്രതയ്ക്കു മുമ്പിൽ കേന്ദ്രഗവണ്മെന്റ് മുട്ടുമടക്കിയിരിക്കുകയാണ്. വിവാഹമോചിതരായ മുസ്ലീം സ്ത്രീകളെ ക്രിമിനൽ നടപടിനിയമത്തിന്റെ 125-ാം വകുപ്പു നൽകുന്ന സംരക്ഷണത്തിൽനിന്ന് ഒഴിവാക്കാനുദ്ദേശിച്ചുള്ള ഒരു നിയമം പാർലമെന്റിൽ ഗവണ്മെന്റ് ഭാഗത്തുനിന്ന് അവതരിപ്പിച്ചതു് ഈ പശ്ചാത്തലത്തിലാകുന്നു. ബില്ലിനെതിരായും സുപ്രീംകോടതി വിധിക്ക് അനുകൂലമായും ഉദ്ബുദ്ധരായ മുസ്ലീങ്ങൾ പ്രചാരവേല നടത്തിവരുന്നുണ്ടെങ്കിലും, മുസ്ലീം യാഥാസ്ഥിതികത്വത്തിന്റെയും, കോൺഗ്രസ്—ജനത—ലോക്ദൾ പാർട്ടിയുടെ അവസരവാദ രാഷ്ട്രീയത്തിന്റെയും, പിന്തുണയോടെ ബില്ലു പാർലമെന്റിൽ പാസ്സായി നിയമമായിത്തീരാനാണു സാധ്യത. ഇതോടെ, ഇന്ത്യയ്ക്കൊട്ടാകെ ഒരു പൊതുസിവിൽ നിയമമെന്ന ഭരണഘടനാ നിർമാതാക്കളുടെ സ്വപ്നം എന്നന്നേക്കുമായി കുഴിച്ചുമൂടപ്പെടും. ഓരോ മതവിഭാഗത്തിനും, ഓരോ മതവിഭാഗത്തിലേയും ഓരോ ഉപവിഭാഗത്തിനും, വെവ്വേറെ സിവിൽ നിയമങ്ങൾ ഉണ്ടാകണമെന്ന ആവശ്യം ഉന്നയിക്കപ്പെടും; ഈ ആവശ്യത്തിന്റെ മുമ്പിൽ രാഷ്ട്രീയകക്ഷികൾക്കു തല കുനിക്കേണ്ടതായും വരും.

ഉത്തർപ്രദേശിലെ അയോദ്ധ്യയിൽ രാമജന്മഭൂമി എന്നു ഹിന്ദുക്കളും ബാബരി മസ്ജിദ് എന്നു മുസ്ലീങ്ങളും വിളിക്കുന്ന ആരാധനാലയം സംബന്ധിച്ച് ഫൈസാബാദ് ജില്ലാ ജഡ്ജി 1986 ഫെബ്രുവരി 1-ാം തീയതി നൽകിയ വിധി ഇന്ത്യയുടെ പല ഭാഗങ്ങളിലും വ്യാപകങ്ങളായ ഹിന്ദു—മുസ്ലീം ലഹളകൾ പൊട്ടിപ്പുറപ്പെടുന്നതിനു കാരണമായി. എത്രയോ കാലമായി വെള്ളിയാഴ്ചകളിൽ മുസ്ലീങ്ങളും മറ്റു ദിവസങ്ങളിൽ ഹിന്ദുക്കളും ആരാധന നടത്തിപ്പോന്ന ഈ കെട്ടിടം, അവകാശത്തർക്കത്തെത്തുടർന്ന് മുപ്പത്തേഴ വർഷമായി പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഈ സ്ഥലം 'വിമോചിപ്പി'ക്കുവാനും അവിടെ വലിയ ഒരു ശ്രീരാമക്ഷേത്രം നിർമിക്കുവാനുമുള്ള പ്രക്ഷോഭണം അടുത്ത കാലത്തു വിശ്വഹിന്ദുപരിഷത്ത് എന്ന മതസംഘടനയുടെ നേതൃത്വത്തിൽ ശക്തി ആർജിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ്, രാമജന്മഭൂമിയിൽ പ്രവേശിച്ച് ആരാധിക്കാൻ തന്നെ അനുവദിക്കണമെന്ന ഒരു സ്വകാര്യവ്യക്തിയുടെ അപേക്ഷ കണക്കിലെടുത്തു്, അവിടം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നു കൊടുക്കാൻ ജില്ലാജഡ്ജി വിധിച്ചതു്. തങ്ങൾക്കു കൈവന്ന വിജയമായി ഹിന്ദുക്കൾ ഈ വിധിയെ വ്യാഖ്യാനിച്ചപ്പോൾ, ശതാബ്ദങ്ങളായി മുസ്ലീങ്ങളുടേതായിരുന്ന ഒരു ആരാധനാലയത്തെ ഹിന്ദുദേവാലയമാക്കി മാററിയ കോടതിവിധിയിൽ മുസ്ലീങ്ങൾ പ്രതിഷേധം രേഖപ്പെടുത്തി.

ആഹ്ലാദപ്രകടനക്കാരും പ്രതിഷേധപ്രകടനക്കാരും തമ്മിൽ ഏററുമുട്ടുകയെന്നതു്, നിസ്സാര സംഭവങ്ങളെപ്പോലും സാമുദായികലഹളകളാക്കി വളർത്തിയെടുക്കുന്ന മതഭ്രാന്തന്മാർക്കു സ്വാധീനമുള്ള പ്രദേശങ്ങളിൽ, അസംഭവ്യമല്ലല്ലോ. ഉത്തരപ്രദേശിലും മധ്യപ്രദേശിലും പല സ്ഥലങ്ങളിലും, ദൽഹിയിലും രാമജന്മഭൂമിയുടെ പേരിൽ വ്യാപകങ്ങളായ ലഹളകൾ ഉണ്ടായി. അവയെ അമർച്ചചെയ്യുന്നതിനു നിശാനിയമം ഏർപ്പെ

ടുത്തുകയും പ്രത്യേക പോലീസ് വിഭാഗങ്ങളെ നിയമിക്കുകയും വേണ്ടിവന്നു.

രാമജന്മഭൂമിയുടെ പേരിൽ ഏററവുമധികം ലഹളകൾ ഉണ്ടായതു് കാശ്മീർതാഴ്വരയിലാണു്. ഹിന്ദുക്കൾക്കു് ഭൂരിപക്ഷമുള്ള ജമ്മുവിൽ രാമജന്മഭൂമി വിജയം ആഘോഷിച്ചിരുന്ന 'ശിവസേന' എന്ന ഹിന്ദുസംഘടനക്കാർ ഏതാനും മുസ്ലീങ്ങളെ കൊന്നതായി ഒരു കിംവദന്തി കാശ്മീർതാഴ്വരയിൽ പരന്നു. ജമ്മുവിൽ ലഹളയുണ്ടായതു് ഫെബ്രുവരി 13-ാം തീയതിക്കുശേഷമായിരുന്നു. ഫെബ്രുവരി 20–21 തീയതികളിൽ കാശ്മീർതാഴ്വരയിൽ പലേടത്തും ഹിന്ദു ന്യൂനപക്ഷത്തിനെതിരെ കൊള്ളകളും കൊള്ളിവെയ്പുകളും ആക്രമണങ്ങളും നടന്നു. ഏററവുമധികം കഴപ്പമുണ്ടായതു് 'അനന്തനാഗ്' എന്ന ഹിന്ദു പുണ്യതീർത്ഥനഗരത്തിലാണു്.

വീക്ക് വാരിക (മാർച്ച് 9–15) എഴുതുന്നു:

'ഹിന്ദുക്കൾ, പ്രത്യേകിച്ച് ഗ്രാമങ്ങളിലുള്ളവർ, ഭയപ്പാടിലാണു് ജീവിച്ചതു്. അക്രമികൾ സ്ത്രീകളേയും ഒഴിവാക്കിയില്ല. 'ഇന്ത്യൻ നായ്ക്കൾ തിരിച്ചുപോ!' 'ഞങ്ങൾക്കു പാകിസ്ഥാൻ വേണം.' 'ഭാരതസാമ്രാജ്യം നശിക്കട്ടെ!' മുതലായ മുദ്രാവാക്യങ്ങളാണു് അക്രമികൾ മുഴക്കിയിരുന്നതു്.'

കാശ്മീർസർക്കാർ വൈകിയേ രംഗത്തു വന്നുള്ളു. അക്രമികളോടു് കർശനമായി പെരുമാറാൻ മുഖ്യമന്ത്രി ജി. എം. ഷാ പോലീസിനു് ഉത്തരവു നൽകി. ഫാറൂഖ് അബ്ദുള്ളപോലുള്ള മററു മുസ്ലീം നേതാക്കളും സാമുദായികമൈത്രി പുലർത്താൻ അഭ്യർത്ഥിച്ചു. 'എന്നാൽ, ഈ അഭ്യർത്ഥന പുറത്തുവന്നതു് കാശ്മീർതാഴ്വര മുഴുവൻ പട്ടാളത്തിനും പ്രത്യേക പോലീസ് വിഭാഗങ്ങൾക്കും ഏല്പിച്ചുകൊടുക്കുമെന്ന താക്കീതു് കേന്ദ്രഗവണ്മെൻറു് നൽകിയതിനുശേഷം മാത്രമാണു്.' (വീക്ക്) ബരാമൂലയിൽ ഉള്ള ഐക്യരാഷ്ട്രസംഘടനയുടെ ഒരു പട്ടാളനിരീക്ഷകനു് 'ജമായത്തേ ഇസ്ലാമി' എന്ന സംഘടനയിലെ പ്രവർത്തകർ ഫെബ്രുവരി 22-ാം തീയതി ഒരു നിവേദനം നൽകി; ആ ഉദ്യോഗസ്ഥൻ അതു സ്വീകരിക്കുകയും ചെയ്തു. ഇന്ത്യയുടെ പരമാധികാരത്തെ ചോദ്യംചെയ്യുന്നതായിരുന്നു ഈ സംഭവം. 'ഇന്ത്യൻപട്ടാളക്കാർ പിടിച്ചടക്കി നിലനിർത്തിവരുന്ന കാശ്മീരി'ലെ (ഇന്ത്യൻ കാശ്മീരിനെ പാകിസ്ഥാൻ വിളിക്കുന്നതു് അങ്ങനെയാണു്) പ്രശ്നം ഐക്യരാഷ്ട്രസംഘടനയുടെ പ്രമേയപ്രകാരം (ബഹുജന വോട്ടെടുപ്പിലൂടെ) തീരുമാനിക്കണമെന്ന പഴയ ആവശ്യം ഈ സന്ദർഭത്തിൽ പാകിസ്ഥാൻ പട്ടാളഭരണാധികാരി സിയാ ഉൽഹഖ് ആവർത്തിക്കുകയുണ്ടായി എന്നതും അർത്ഥഗർഭമാണു്. 'പാകിസ്ഥാൻെറ കഴുത്തിലെ ഞരമ്പാണു് കാശ്മീർ' എന്നും സിയാ പറയുകയുണ്ടായി. കാശ്മീർ ഇന്ത്യയിൽനിന്നു വിട്ടു് പാകിസ്ഥാനിൽ ലയിക്കുംവരെ ആ പ്രദേശത്തു് തുടരെത്തുടരെ അസ്വാസ്ഥതകൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നതിൽ സംശയം വേണ്ട. കാശ്മീർ താഴ്വരയിൽ പല സ്ഥലങ്ങളിലും ലഹളക്കാർക്കു് പൂർണ്ണസ്വാതന്ത്ര്യമനുവദിച്ചുകൊണ്ടു് പോലീസ് വിട്ടുനിൽക്കുകയായിരുന്നു എന്ന ആക്ഷേപം അവിടത്തെ ന്യൂനപക്ഷമായ ഹിന്ദുക്കൾ ഉന്നയിച്ചിട്ടുണ്ടു്. തങ്ങൾക്കു കൂട്ടത്തോടെ കാശ്മീർതാഴ്വര എന്നെന്നേക്കുമായി വിട്ടുപോകേണ്ടിവരുമെന്നു്, ഈ ലഹളകളുടെ ഫലമായി ഏററവുമധികം നഷ്ടം അനുഭവിക്കേണ്ടിവന്ന കാശ്മീരിപണ്ഡിതന്മാർ (ബ്രാഹ്മണർ) ഇന്ത്യാഗവണ്മെൻറിനെ അറിയിക്കുകയുമുണ്ടായി. ഈ പശ്ചാത്തലത്തിലാണു്, മുഖ്യമന്ത്രി ജി. എം. ഷായ്ക്കു് നൽകിവന്ന പിന്തുണ കാശ്മീരിലെ കോൺഗ്രസ് നിയമസഭാകക്ഷി പിൻവലിച്ചതും, സ്റ്റേററ് ഭരണഘടനയുടെ (കാശ്മീരിനു് വേറി

ട്ടൊരു ഭരണഘടനയുണ്ട്) 92–ാം വകുപ്പുപ്രകാരം കാശ്മീരിൽ ഗവർണറുടെ ഭരണം മാർച്ച് 7–ാം തീയതി പ്രഖ്യാപിച്ചതും.

രാമജന്മഭൂമി പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ആ ആരാധനാലയത്തിന്റെ ഉടമ ആർക്കെന്ന് കോടതി വിധിക്കുന്നപക്ഷം (വിധി ആർക്ക് അനുകൂലമായാലും), ഫെബ്രുവരിയിലെ ലഹളകൾ ഇന്ത്യയിലെങ്ങും വീണ്ടും പൊട്ടിപ്പുറപ്പെട്ടുകൂടെന്നില്ല.

അയോദ്ധ്യയിലെ രാമജന്മഭൂമിയുടെ പ്രശ്നത്തേക്കാൾ സങ്കീർണമാണ് മധുരയിലെ കൃഷ്ണജന്മഭൂമിയുടെയും കാശിയിലെ ആദിവിശ്വനാഥക്ഷേത്രത്തിന്റെയും പ്രശ്നങ്ങൾ. ഈ രണ്ട് ആരാധനാലയങ്ങളും ഇപ്പോൾ മുസ്ലീംപള്ളികളാണ്. അവയെ 'വിമോചിപ്പിക്കു'ന്നതിന് ഒരു പ്രസ്ഥാനം വിശ്വഹിന്ദുപരിഷത്തിന്റെ ആഭിമുഖ്യത്തിൽ ശക്തിയാർജിച്ചു വരുന്നുണ്ട്.

ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ ആലോചിച്ച്, ഉഭയസമ്മതപ്രകാരം, കോടതിക്ക് പുറത്തുവെച്ച്, കൈക്കൊള്ളുന്ന ഒത്തുതീർപ്പിലൂടെ മാത്രമേ ഈമാതിരി പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാൻ സാധിക്കയുള്ളു എന്ന് വ്യക്തമാണ്. പക്ഷേ, അങ്ങനെ സമാധാനത്തിന്റെ മാർഗം അവലംബിക്കാൻ ആവശ്യമായ വിവേകവും സഹിഷ്ണുതയും ദീർഘവീക്ഷണവും രണ്ടുഭാഗത്തും ഇനിയും കണ്ടുതുടങ്ങിയിട്ടില്ല. മറിച്ച്, അമർഷവും സംഘട്ടനത്തിനുള്ള ഉത്സാഹവുമാണ് തർക്കത്തിലെ ഇരുകക്ഷികളും പ്രകടിപ്പിക്കുന്നത്. രാഷ്ട്രീയനേതൃത്വമാകട്ടെ ഈ വിഷയത്തിൽ പൂർണമായും മരവിച്ചിരിക്കുകയാണ്. രാഷ്ട്രീയകക്ഷികളുടെ നിഷ്ക്രിയത്വം ചെറിയ പ്രശ്നങ്ങളെക്കൂടി വളർത്തി, പരിഹാരം അസാധ്യമായ മഹാപ്രശ്നങ്ങളാക്കി മാററിക്കൊണ്ടിരിക്കുന്നു. നിസ്സാരങ്ങളായ കുഴപ്പങ്ങളെ പെരുപ്പിച്ച് ഇന്ത്യയെ ക്രമേണ ഒരു ആഭ്യന്തരയുദ്ധത്തിലേക്കു തള്ളിവിടുന്നതിൽ ചില വിദേശരാജ്യങ്ങൾക്കുമുണ്ട് അതിയായ താത്പര്യം. അതു് അവർ മറച്ചുവെക്കുന്നുമില്ല.

വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ മാത്രമല്ല സംഘർഷവും അവിശ്വാസവും. ഒരേ മതത്തിലെ വിഭിന്ന വിഭാഗങ്ങൾ തമ്മിലും ധാരണയേക്കാളേറെ പരസ്പര സംശയമാണ് നിലനില്ക്കുന്നത്. ന്യൂനപക്ഷങ്ങൾക്ക് നൽകപ്പെടുന്ന സൗജന്യങ്ങൾ ഭൂരിപക്ഷത്തിന് ദഹിക്കുക പ്രയാസമാകുന്നു. പ്രത്യേകാവകാശങ്ങൾ ലഭിക്കുമെങ്കിൽ സ്വയം ന്യൂനപക്ഷമായി മാററാൻ ഏതു ഭൂരിപക്ഷവിഭാഗമാണ് ആഗ്രഹിക്കാതിരിക്കുക? തങ്ങളുടെവക ചില വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിൽ ബംഗാൾ ഗവണ്മെൻറിന്റെ കൈകടത്തൽ ഒഴിവാക്കാൻവേണ്ടി, രാമകൃഷ്ണ പരമഹംസനെ ആരാധിക്കുന്ന രാമകൃഷ്ണമിഷൻകാർ ഹിന്ദുക്കളല്ലെന്നും ഒരു വ്യത്യസ്ത–ന്യൂനപക്ഷ മതമാണെന്നും ഒരു കോടതിവിധി ഏതാനും മാസങ്ങൾ മുമ്പ് രാമകൃഷ്ണമിഷൻകാർ നേടിയെടുക്കുകയുണ്ടായി. പരബ്രഹ്മത്തിൽ ലയിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ, രാമകൃഷ്ണപരമഹംസന്റെയും വിവേകാനന്ദന്റെയും ആത്മാക്കൾ ഈ വിധിയെപ്പററി എന്തു പറയുമായിരുന്നു? രാമകൃഷ്ണമിഷൻപോലെയുള്ള 'മതന്യൂനപക്ഷ'ങ്ങൾ, ഹിന്ദുമതത്തിനകത്തു്, ഇനിയും ഉയർന്നുവന്നുകൂടെന്നില്ല.

എന്തിനു ഭാരതധരേ, കരയുന്നു? പാര–
തന്ത്ര്യം നിനക്കു വിധികല്പിതമാണ്, തായേ!
ചിന്തിക്ക, ജാതി മദിരാന്ധ, രടിച്ചുതമ്മി–
ലന്തപ്പെടും തനയർ; എന്തിനയേ സ്വരാജ്യം?

എന്ന, മഹാകവി കുമാരനാശാൻെറ ഹൃദയം നീറിപ്പുറപ്പെട്ട വിലാപം, ഇതുണ്ട് ഒരു പ്രവചനമായി മാറിക്കൊണ്ടിരിക്കുകയാണോ?

'അല്ല' എന്ന് ഉറപ്പിച്ചുപറയാൻ എനിക്കു ധൈര്യം ഇല്ല. നിങ്ങൾക്കോ?

9 മാർച്ച്, 1986

# 57. ദാരിദ്ര്യം എങ്ങനെ അകററാം?

'ഗരീബീ ഹടാവോ' എന്ന മുദ്രാവാക്യം രാഷ്ട്രത്തിൻെറ മുമ്പിൽ ഇന്ദിരാ ഗാന്ധി സമർപ്പിക്കുന്നതിനു മുമ്പുതന്നെ, ബഹുജനങ്ങളുടെ ദാരിദ്ര്യ നിർമാർജനം സ്വാതന്ത്ര്യഭാരത ഗവൺമെൻറിൻെറ ആത്യന്തികലക്ഷ്യമായിരുന്നു. ആസൂത്രിത–സാമ്പത്തികവികസനത്തിനുവേണ്ടിയുള്ള പഞ്ചവത്സരപദ്ധതികൾ ഭാരതസർക്കാർ ആരംഭിച്ചതു് ത്വരിതഗതിയിലുള്ള സാമ്പത്തികവികസനവും, ഉല്പാദിപ്പിക്കപ്പെടുന്ന സമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണവും, അങ്ങനെ ദാരിദ്ര്യനിർമാർജനവും ജനാധിപത്യത്തിൻെറ ചട്ടക്കൂടിനകത്തുവെച്ച് നിർവഹിക്കുന്നതിനുവേണ്ടിയാണ്.

രണ്ടാം മഹായുദ്ധത്തെത്തുടർന്ന് സ്വാതന്ത്ര്യം നേടുന്ന അവസരത്തിൽ പരമദരിദ്രമായ ഒരു രാജ്യമായിരുന്നു ഇന്ത്യ. സ്വാതന്ത്ര്യലബ്ധിക്ക് ഏതാനും വർഷങ്ങൾമുമ്പ് ക്ഷാമംമൂലം ബംഗാളിൽമാത്രം അരക്കോടിയിലേറെ ജനങ്ങൾ മരിക്കുകയുണ്ടായി എന്ന വസ്തുത ഇന്ന് മിക്കവരും ഓർക്കാറില്ല. ഇന്ത്യയുടെ ഭക്ഷ്യദുർഭിക്ഷം എന്നെങ്കിലും അവസാനിക്കുമെന്ന പ്രതീക്ഷ അന്ന് ആക്കുമുണ്ടായിരുന്നില്ല. നിർമാണങ്ങൾക്ക് ആവശ്യമായ ഇരുമ്പോ, സിമൻേറാ, വ്യവസായങ്ങൾക്ക് അനുപേക്ഷണീയങ്ങളായ യന്ത്രങ്ങളോ, യന്ത്രങ്ങൾ നടത്തുവാൻവേണ്ട എണ്ണയോ അന്ന് ഇന്ത്യയിൽ ഉല്പാദിപ്പിച്ചിരുന്നില്ല. എല്ലാം മറുനാടുകളിൽനിന്ന് ഇറക്കുമതിചെയ്യണമായിരുന്നു. വ്യവസായങ്ങളിൽ നിക്ഷേപിക്കാൻവേണ്ട മൂലധനം, വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻവേണ്ട സാങ്കേതികവൈദഗ്ധ്യം, വ്യവസായങ്ങളുടെ മേൽനോട്ടത്തിനുവേണ്ട മാനേജ്മെൻറ്–നൈപുണ്യം മുതലായവയുടെ കാര്യത്തിലും നമ്മുടെ നില വളരെ പരുങ്ങലിലായിരുന്നു. ധാരാളമായി ലഭിച്ചിരുന്നതു്, ഒരു പരിശീലനവുമില്ലാത്ത, മിക്കവാറും നിരക്ഷരരായ, തൊഴിലാളികൾ മാത്രമായിരുന്നു.

ഈ നിലയിൽ അടിസ്ഥാനപരമായ മാററം ഇന്നു വന്നുചേർന്നിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ഇന്ത്യ സ്വയംപര്യാപ്തത നേടിയിരിക്കുന്നു. ഗണ്യമായ ഒരു കരുതൽധാന്യശേഖരം ഇന്നു സർക്കാരിൻെറ കൈവശമുണ്ട്. വ്യാവസായികവളർച്ചയ്ക്കുവേണ്ട അടിത്തറ ഇവിടെ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. സയൻസിലും സങ്കേതവിദ്യയിലും മാനേജ്മെൻറിലും മററും പരിശീലനം നേടിയവരുടെ എണ്ണത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ മൂന്നാമത്തെയോ നാലാമത്തെയോ സ്ഥാനം ഇന്ന് ഇന്ത്യയ്ക്കാണ്. വ്യവസായസംരംഭകരുടേതായ ഒരു വർഗവും ഇന്ത്യയിൽ വളർന്നുവന്നിരിക്കുന്നു. മൂലധനസംഭരണം അത്രയേറെ വിഷമമുള്ള ഒരു കാര്യമല്ലാതായിത്തീർന്നിരിക്കുന്നു.

എന്നിട്ടും എന്തുകൊണ്ട് ഇന്ത്യയിൽ ത്വരിതഗതിയിലുള്ള സാമ്പത്തികവികസനം പര്യാപ്തമായ അളവിൽ ഉണ്ടാകുന്നില്ല? എന്തുകൊണ്ട് ജനസംഖ്യയിൽ വളരെ വിപുലമായ ഒരു വിഭാഗം ദാരിദ്ര്യരേഖയ്ക്കു താഴെ